## പാഠം – 6

## നിയമത്തിന്റെ ‘മാറ്റം’

**ശബ്ബത്ത് സായാഹ്നം** **മെയ് 5**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** റോമ. 8:1; 7:15–25; റോമ.7:1–14; യോഹ. 20:19–23; അ. പ്ര. 20:6, 7; ദാനീ. 7:23–25; വെളി. 13:1–17.

**മനഃപാഠവാക്യം: “അവൻ അത്യുന്നതനായവന് വിരോധമായി വമ്പു പറയുകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളയുകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുകയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കൈയിൽ ഏൽപ്പിക്കപ്പെട്ടിരിക്കും” (ദാനീ. 7:25).**

അന്ത്യകാലസംഭവങ്ങളുടെ കേന്ദ്രബിന്ദു ദൈവകൽപനയെക്കുറിച്ചുള്ള ചോദ്യമാണ്. സ്പഷ്ടമാക്കിയാൽ, നാലാം കൽപന, ഏഴാം ദിന ശബ്ബത്തിനെക്കുറിച്ചുള്ള ചോദ്യമാണത്. രക്ഷ വിശ്വാസത്തിലൂടെ മാത്രമാണെന്ന് നമുക്കറിയാം. ശബ്ബത്ത് ഉൾപ്പെടെയുള്ള കൽപനകൾ അനുസരിക്കുന്നതിലൂടെയല്ല രക്ഷ ലഭിക്കുന്നത്. എന്നാൽ അന്ത്യകാലത്ത്, ഏഴാംദിന ശബ്ബത്ത് അടക്കമുള്ള ദൈവകൽപനകൾ അനുസരിക്കുന്നത് സത്യമായും നമ്മുടെ കൂറ് എവിടെയാണെന്നതിന്റെ ബാഹ്യ അടയാളമായിരിക്കും. ഈ വ്യത്യാസം പ്രകടമായി വെളിപ്പെടുന്നത് വെളിപ്പാട് 13, 14 അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന കാലാവസ്ഥാപരമായ അന്ത്യകാല സംഭവങ്ങൾക്കിടയിൽ അതിശക്തരായ മത–രാഷ്ട്രീയ ശക്തികൾ ഒരു കയ്യായി ചേർന്ന് ലോകജനത്തിനുമേൽ തെറ്റായ ഒരു ആരാധനാരീതി അടിച്ചേൽപ്പിക്കാൻ പ്രവർത്തിക്കും. വെളിപ്പാട് 14:7–ന് വിരുദ്ധമാണ് ഇതെല്ലാം. അവിടെ, “ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്ക്കരിക്കുവാൻ” അതായത്, മറ്റാരെയുമല്ല, സൃഷ്ടാവിനെ മാത്രം ആരാധിക്കുവാൻ ദൈവജനത്തോട് ആഹ്വാനം ചെയ്യുന്നു.

ഈയാഴ്ച നമുക്ക് ദൈവകൽപന, പ്രത്യേകിച്ച് ശബ്ബത്ത് കൽപനയെക്കുറിച്ച് പഠിക്കാം. ആ കൽപന മാറ്റുവാനായി ഉണ്ടായ ശ്രമങ്ങളെക്കുറിച്ചും അവസാനകാലം അടുത്തെത്തിയിരിക്കുന്ന നമുക്ക് അത് എത്രമാത്രം പ്രാധാന്യമുള്ളതാണെന്നും പഠിക്കാം.

☞ *ഈയാഴ്ചയിലെ പാഠം പഠിച്ച് മെയ് 12–ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **മെയ് 6**

## വാഗ്ദത്തം

ബൈബിളിലെ ഏറ്റവും വലിയ വാഗ്ദത്തങ്ങളിലൊന്ന് റോമർ 8:1-ലാണ്: "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല, ജഡപ്രകാരമല്ലാതെ ആത്മാവിൽ നടക്കുന്നവർക്ക്." ഒരു തീവണ്ടിപ്പാച്ചിൽ പോലെ വന്ന ചിന്തകളുടെ സമാപ്തിയെന്നവണ്ണം അതിന്റെയൊക്കെ മുകളിൽ വച്ച ശില പോലെയാണ് ഈ വാക്യം. ഇതിനു തൊട്ടുമുമ്പായി പൗലോസ് പറഞ്ഞതെന്തെന്ന് പഠിച്ചാൽ മാത്രമേ ഈ വാക്യത്തിലെ പ്രതീക്ഷയും വാഗ്ദത്തവും മനസ്സിലാക്കാൻ സാധിക്കൂ.

**റോമർ 7:15–25 വായിക്കുക. റോമർ 8:1–ൽ പറയുന്നതിനെ ഉറപ്പിക്കുന്ന എന്തു കാര്യമാണ് ഇവിടെ പൗലോസ് പറയുന്നതിന്റെ അന്തഃസത്ത?**

ഒരു വിശ്വാസിയെന്ന നിലയ്ക്ക് പൗലോസ് സ്വന്തം കാര്യത്തെക്കുറിച്ചോ പറയുന്നത് എന്ന വൻ ചർച്ചകൾ ക്രിസ്തീയ മണ്ഡലത്തിൽ നിലനിന്നിരുന്നുവെങ്കിലും ഒരുകാര്യം വ്യക്തമാണ്: പൗലോസ് ഇവിടെ പാപത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. പൗലോസ് പറയുന്ന പോരാട്ടങ്ങളോട് എല്ലാവർക്കും ക്രിസ്ത്യാനികൾക്കും താദാത്മ്യം തോന്നും. ജഡത്തിന്റെയും "ഉള്ളിലെ പാപത്തിന്റെയും" പോരാട്ടം അനുഭവപ്പെടാത്ത ആരെങ്കിലുമുണ്ടോ? ചെയ്യരുതാത്തത് ചെയ്യിക്കുകയും ചെയ്യേണ്ടത് ചെയ്യിക്കാതിരിക്കുകയും ചെയ്യുന്നത് ആ പോരാട്ടമല്ലേ? പൗലോസിന്റെ പ്രശ്നം നിയമമല്ല, ജഡമാണ്.

ശരി ചെയ്യാൻ ആഗ്രഹിച്ചിട്ടും തെറ്റ് ചെയ്തു പോകുന്നു. ആണിനും പെണ്ണിനും ഇത് ഒരുപോലെ ശരിയല്ലേ? വീണ്ടും ജനിച്ച ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് പാപം എന്നല്ല പൗലോസ് പറയുന്നത്. ദൈവത്തെ അനുസരിക്കുവാൻ തീരുമാനമെടുക്കുന്നവർ സദാ നേരിടുന്ന ഉഗ്ര പോരാട്ടത്തെക്കുറിച്ചാണ് പൗലോസ് ശക്തിയുക്തം പരാമർശിക്കുന്നത്.

അതുകൊണ്ട് അദ്ദേഹം ഈ വിഖ്യാത വാക്യത്തിലേക്ക് വരുന്നു: "അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?" (റോമ. 7:24). യേശുവിൽ വിശ്വസിച്ച് കൃപയാൽ ആത്മാവിൽ നടക്കുന്നവർക്ക് "ശിക്ഷാവിധിയില്ല" എന്ന വാഗ്ദത്തത്തിലും യേശുവിലും ആണ് അദ്ദേഹത്തിനുള്ള മറുപടി. ശരിയാണ്, വിശ്വാസികൾ പോരാടുന്നു, പരീക്ഷകളെ നേരിടുന്നു, തീർച്ചയായും പാപം യാഥാർത്ഥ്യമാണ്. എന്നാൽ യേശുവിലുള്ള വിശ്വാസത്താൽ, വിശ്വസിക്കുന്ന ഏവരും നിയമത്താൽ വിധിക്കപ്പെടുന്നില്ല മറിച്ച് നിയമം

അനുസരിക്കുന്നവരാകുന്നു. അങ്ങനെ, ആത്മാവിൽ നടക്കുവാൻ ശീലിക്കുന്നു മറിച്ച് "ജഡത്തിൽ നടക്കുകയല്ല".

**ഇന്നത്തെ വാക്യങ്ങൾ ഒരിക്കൽ കൂടി വായിക്കുക. പൗലോസ് പറയുന്ന ഇക്കാര്യങ്ങളോട് എങ്ങനെ ബന്ധിപ്പിക്കുവാനാവും? അങ്ങനെയെങ്കിൽ, റോമർ 8:1 ഒരു മനോഹര വാഗ്ദത്തമാകുന്നതെങ്ങനെ?**

**തിങ്കൾ** **മെയ് 7**

## നിയമവും പാപവും

ഇന്നലത്തെ പാഠഭാഗത്ത് ക്രിസ്ത്യാനികൾ ഉൾപ്പെടെ ലോകത്തെല്ലാവരും ഒരുപോലെ നേരിടുന്ന പാപമെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് പറയുന്ന റോമർ 7:15–25 വരെയുള്ള വാക്യങ്ങൾ വിശകലനം ചെയ്യുകയുണ്ടായി. എന്നിരുന്നാലും, ഈ വാക്യങ്ങൾക്കു തൊട്ടുമുമ്പുള്ളവയിൽ പൗലോസ് കൽപനയെക്കുറിച്ചു പറയുന്നു. അതിലൂടെ പാപം എത്രമാത്രം പ്രബലമാണെന്നും മാരകമാണെന്നും പറഞ്ഞു തരുന്നു.

**റോമർ 7:1–14 വായിക്കുക. കൽപനയും പാപവും തമ്മിലുള്ള ബന്ധമെന്താണ്? കൽപനയ്ക്ക് രക്ഷിക്കാനാവില്ല എന്നതിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്ത് പറയുന്നു?**

പൗലോസ് ഇവിടെ പഠിപ്പിക്കുന്നതിൽ രണ്ട് സുപ്രധാന കാര്യങ്ങളുണ്ട്. ഒന്നാമത് കൽപനയല്ല പ്രശ്നം. കൽപന "വിശുദ്ധവും ന്യായവും നല്ലതും തന്നെ". പ്രശ്നം മരണത്തിലേക്ക് നയിക്കുന്ന പാപമാണ്. രണ്ടാമത് മരണത്തിൽ നിന്നും പാപത്തിൽ നിന്നും രക്ഷിക്കാൻ കൽപനയ്ക്കു ശക്തിയില്ലെന്നതാണ്. കൽപന എന്തെങ്കിലും ചെയ്യുമെങ്കിൽ അത് പാപം, മരണം എന്നീ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമാണ്. എന്നാലോ പ്രശ്നം പരിഹരിക്കാൻ ഒന്നും തന്നെ വാഗ്ദാനം ചെയ്യുന്നുമില്ല.

പത്തു കൽപനകൾ ഇന്നും നിലനിൽക്കുന്നുവെന്നു കാണിക്കുന്ന അനേകം കാര്യങ്ങൾ കണ്ടില്ലെന്ന് നടിച്ച്, ഈ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട്, അത് മാറ്റപ്പെട്ടുവെന്ന് വാദിക്കുവാൻ ഒരു ഉപരിപ്ലവ വായനക്കാരനു മാത്രമേ സാധിക്കൂ. പൗലോസിന്റെ ആശയത്തിനു വിലോമമാണിത്. കൽപന റദ്ദാക്കപ്പെട്ടിരുന്നുവെങ്കിൽ പൗലോസ് എഴുതിയതൊക്കെയും അർത്ഥശൂന്യമായേനേ. കൽപന ഇന്നും അതേപടി നിലനിൽക്കുന്നു എന്നതിലൂന്നിയാണ് പൗലോസിന്റെ ആശയങ്ങൾ. കാരണം കൽപനയാണ് പാപത്തെക്കുറിച്ച് ബോധം വരുത്തുന്നതും സുവിശേഷത്തിന്റെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കിത്തരുന്നതും. "ആകയാൽ നാം എന്തു പറയേണ്ടൂ? ന്യായപ്രമാണം പാപം എന്നോ? ഒരുനാളും അരുത്. എങ്കിലും ന്യായപ്രമാണത്താൽ

അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല. മോഹിക്കരുത് എന്ന് ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറിയുകയില്ലായിരുന്നു" (റോമ. 7:7).

**റോമർ 7:13 ശ്രദ്ധയോടെ വായിക്കുക. പൗലോസ് കൽപനയെക്കുറിച്ച് മാത്രമല്ല അത് ഇന്നും അത്യന്താപേക്ഷിതമാണ് എന്നും പറയുന്നത് എന്തുകൊണ്ടാണ്?**

കൽപനയല്ല മരണം ഉണ്ടാക്കുന്നത്; പാപമാണ്. പാപം എത്ര മാരകമാണെന്ന് കൽപന കാണിക്കുന്നു. പാപത്തെ കാണിക്കുന്നതിനാൽ കൽപന നല്ലതാണ്. അതിനുള്ള ഉത്തരം മാത്രം കൽപനയിലില്ല. അത് സുവിശേഷത്തിൽ മാത്രമാണ്. ക്രിസ്ത്യാനികളെന്ന നിലയ്ക്ക്, ക്രിസ്തുവിൽ രക്ഷിക്കപ്പെട്ടവർ എന്ന നിലയ്ക്ക്, "ആത്മാവിന്റെ പുതുക്കത്തിൽ" സേവ ചെയ്യണം എന്നാണ് പൗലോസ് പറയുന്നത്. റോമ 7:6, അതായത്, തന്റെ മേന്മകളിലും രക്ഷയ്ക്കായുള്ള നീതിയിലും വിശ്വസിച്ചുകൊണ്ട്, നമ്മൾ യേശുവുമായി വിശ്വാസ ബന്ധത്തിൽ ജീവിക്കുക. (റോമർക്കുള്ള ലേഖനത്തിൽ പറഞ്ഞ ആശയങ്ങളുടെ അന്തഃസത്ത തന്നെ ഇതാണ്).

**ദൈവകൽപന അനുസരണത്തിന്റെ അനുഭവം ദൈവകൃപയുടെ ആവശ്യകതയേക്കുറിച്ച് നിങ്ങളെ എന്തു പഠിപ്പിക്കുന്നു?**

**ചൊവ്വ** **മെയ് 8**

## ശബ്ബത്തുമുതൽ ഞായറാഴ്ച വരെ

സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ മറ്റ് ക്രൈസ്തവ സഭാവിഭാഗങ്ങളിലെ സഹോദരീ സഹോദരന്മാർ, കൽപന മാറിപ്പോയെന്നും കൽപനയ്ക്കു കീഴിലല്ല കൃപയ്ക്കു കീഴിലാണെന്നും വാദിക്കുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ അവർ പറഞ്ഞു വരുന്നത് നാലാം കൽപന മാറിപ്പോയെന്നു മാത്രമാണ്. പലരും, ഇങ്ങനെപോലും പറയുന്നില്ല. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനോടുള്ള ആദരവിനാൽ ഏഴാംദിന ശബ്ബത്തിനെ ആദ്യദിനമായ ഞായറിലേക്കു മാറ്റിയെന്നാണ് അവർ പറയുന്നത് .

അത് തെളിയിക്കുന്ന വാക്യങ്ങളുമുണ്ടെന്ന് അവർ വിശ്വസിക്കുന്നു.

പഴയനിയമത്തിലെ ഏഴാം ദിന ശബ്ബത്തിനെ ഒന്നാം ദിവസത്തേക്കു മാറ്റിയെന്ന് പല ക്രിസ്ത്യാനികളും വിശ്വസിക്കുന്ന പുതിയ നിയമത്തിലെ ചില സാധാരണ വാക്യങ്ങളാണ് ചുവടെ. സത്യത്തിൽ ആ ദിവസത്തെ മാറ്റിയെന്നാണോ, അതോ മാറ്റത്തെക്കുറിച്ചല്ല മറിച്ച്, അന്നത്തെ ദിവസത്തെ സംഭവങ്ങളെക്കുറിച്ചു മാത്രമാണോ അവിടെ സൂചിപ്പിക്കുന്നത്, എന്ന് അവ വായിക്കുമ്പോൾ സ്വയം ചോദിക്കണം.

**യോഹന്നാൻ 20:19–23 വായിക്കുക. ശിഷ്യന്മാർ ആ മുറിയിൽ കൂടിയിരുന്നത് എന്തിനായിരുന്നു എന്നാണ് ഈ വാക്യം പറയുന്നത്? ചിലർ അവകാശപ്പെടുന്നതു പോലെ, യേശുവിന്റെ ഉത്ഥാനത്തിന്റെ ആദരസൂചകമായ ആരാധനാശുശ്രൂഷയ്ക്കായിരുന്നോ അത്?**

**അപ്പൊസ്തല പ്രവർത്തികൾ 20:6,7 വായിക്കുക. ശബ്ബത്ത്, ആഴ്ചയുടെ ആദ്യദിനമായ ഞായറിലേക്കു മാറ്റിയെന്ന് ഈ വാക്യം സൂചിപ്പിക്കുന്നുണ്ടോ?** അ.പ്ര.2:46–ഉം കാണുക.

**1 കൊരിന്ത്യർ 16:1–4 വായിക്കുക. ആഴ്ചയുടെ ആദ്യ ദിനം വീടുകളിൽ കാണിക്ക ശേഖരിച്ചു വയ്ക്കുക എന്നതൊഴികെ ശബ്ബത്ത് ഞായറാഴ്ചയിലേക്ക് മാറ്റിയെന്ന് ഈ വാക്യമെന്തെങ്കിലും പറയുന്നുണ്ടോ?**

ആഴ്ചയുടെ ആദ്യദിനം ഏഴാം ദിന ശബ്ബത്തിനെ മറികടന്നുവെന്ന സിദ്ധാന്തം പ്രചരിപ്പിക്കുവാൻ “തെളിവുകൾ” ആയി ഉപയോഗിച്ച വാക്യങ്ങളുടെ അന്തഃസത്ത ഇതാണ്. പല അവസരത്തിലും വിശ്വാസികൾ കൂടിവന്നു എന്ന് കാണിക്കുവാനല്ലാതെ ഇവയിൽ ഒന്നു പോലും ഏഴാം ദിന ശബ്ബത്തിനു പകരമായുള്ള ആരാധനാ ശുശ്രൂഷകളായിരുന്നുവെന്ന് വെളിപ്പെടുത്തുന്നില്ല. നൂറ്റാണ്ടുകൾ പിന്നിട്ട ക്രൈസ്തവരുടെ ഞായറാഴ്ച ആരാധനയെക്കുറിച്ചുള്ള ഒരു എത്തിനോട്ടമാണ് ഈ വാദഗതി. ഒരിക്കലും വകുപ്പില്ലാത്ത ഒരു വാദഗതിക്കുവേണ്ടി ഈ വാക്യങ്ങളിലേക്ക് ചിലതൊക്കെ കൂട്ടിച്ചേർക്കുകയാണ്.

**ബുധൻ** **മേയ് 9**

## പുതിയ നിയമത്തിലെ ഏഴാം ദിവസം

ഇന്നലെ നമ്മൾ കണ്ടതുപോലെ ശബ്ബത്തിന്റെ സ്ഥാനം ഞായറാഴ്ച എടുത്തു എന്ന് പ്രചരിപ്പിക്കുവാനായി ഉപയോഗിക്കുന്ന വാക്യങ്ങൾ അത്തരത്തിൽ ഒന്നും തന്നെ പറയുന്നില്ല. എന്നാലോ, ഏഴാം ദിന ശബ്ബത്തിനെക്കുറിച്ചുള്ള പുതിയനിയമത്തിലെ വാക്യങ്ങൾ എല്ലാം തന്നെ വെളിപ്പെടുത്തുന്നത് അത് ദൈവത്തിന്റെ പത്ത് കൽപനകളായിട്ട് ആചരിക്കുന്നു എന്നു തന്നെയാണ്.

**ലൂക്കോസ് 4:14–16; 23:55, 56 വായിക്കുക. ക്രിസ്തുവിന്റെ മരണത്തിനു മുമ്പും പിമ്പും ഏഴാം ദിന ശബ്ബത്തിനെ കുറിച്ച് ഈ വാക്യങ്ങൾ എന്ത് പറഞ്ഞു തരുന്നു?**

ക്രിസ്തുവിനൊപ്പമുണ്ടായിരുന്ന സ്ത്രീകൾ, എപ്രകാരം “കൽപനയനുസരിച്ച് ശബ്ബത്തിൽ വിശ്രമിച്ചു” (ലൂക്കൊ. 23:56) എന്ന് നോക്കുക. തീർച്ചയായും, സീനായിയിൽ ശിലയിൽ എഴുതിയ അതേ നാലാം കൽപന ആയിരുന്നു അവർ അനുസരിച്ചത്. യേശുവിനൊപ്പമുണ്ടായിരുന്ന

സമയത്ത് അവർ പഠിച്ചത് എന്തുമാകട്ടെ ശബ്ബത്തുൾപ്പെടെയുള്ള ദൈവ കൽപനകൾ അനുസരിക്കുക എന്നതല്ലാതെ അവർ മറിച്ചൊന്നും പഠിച്ചു കാണില്ല. യഥാർത്ഥത്തിൽ, ക്രിസ്തു ശിഷ്യരോടു പറഞ്ഞു, "നിങ്ങളെന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും" (യോഹ. 14:15). യേശു അനുസരിച്ച തന്റെ കൽപനകളിൽ ഏഴാം ദിന ശബ്ബത്തും ഉൾപ്പെട്ടിരുന്നു. ഞായർ ശബ്ബത്തിന്റെ പകരക്കാരനായിരുന്നുവെങ്കിൽ ഈ സ്ത്രീകൾ ശനിയാഴ്ച ശബ്ബത്തിനെപ്പറ്റി ഒന്നുമറിയില്ലായിരുന്നു.

**അ.പ്ര. 13:14, 42–44; അ.പ്ര. 16:12, 13, വായിക്കുക. ഏഴാം ദിന ശബ്ബത്ത് അനുസരിച്ചതിനുള്ള എന്ത് തെളിവുകളാണ് ഈ വാകൃങ്ങൾ തരുന്നത്? ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം ആചരിച്ചതിനും തെളിവെന്ത്?**

ശബ്ബത്ത് ദിനം, ഞായറാഴ്ചയിലേക്കു മാറ്റിയതിനു ഈ വാകൃങ്ങളിൽ യാതൊരു തെളിവുകളും കണ്ടെത്താനില്ല. മറിച്ച്, ആദ്യകാല വിശ്വാസികൾ യേശുവിനൊപ്പം ഏഴാം ദിന ശബ്ബത്ത് അനുസരിച്ചതായാണ് സൂചന.

അ.പ്ര. 16:13 വളരെ ആശ്ചര്യകരമാണ്. കാരണം അത് സിനഗോഗിന്റെ പശ്ചാത്തലത്തിനു വെളിയിലാണ് സംഭവിക്കുന്നത്. വിശ്വാസികൾ ഒരു നദി ക്കരയിലാണ് കൂടിയത്, അവിടെ ചിലർ "പതിവനുസരിച്ച്" പ്രാർത്ഥിക്കു വാൻ പോയി. യേശുവിന്റെ മരണശേഷം അനേകം വർഷങ്ങൾ കഴിഞ്ഞും അവർ അതു തന്നെ ഏഴാം ദിന ശബ്ബത്തിൽ ചെയ്തു. ഞായറാഴ്ചയി ലേക്ക് ഒരു മാറ്റം സംഭവിച്ചുവെങ്കിൽ ഇവിടെ ഒരു വാകൃവും അത് സൂചിപ്പിക്കുന്നില്ല.

**ഞായറാഴ്ച ആരാധിക്കുന്നവരോട് സൗമ്യമായി കുറ്റംവിധിക്കാതെ ഏഴാം ദിന ശബ്ബത്തിനെക്കുറിച്ച് എന്ത് സാക്ഷ്യം പറയുവാനാകും?**

**വ്യാഴം** **മെയ് 10**

## ശബ്ബത്തിനെ മാറ്റുവാനുള്ള ശ്രമം

ഏഴാം ദിന ശബ്ബത്ത് ഉൾപ്പെടുന്ന ദൈവകൽപനകൾ, പത്തു കൽപന കൾ, ഇന്നും അനുസരിക്കാനുള്ള ബാധ്യത നമുക്കുണ്ട് (യാക്കോ. 2:10–12). യാതൊരു ദൈവവചന അടിസ്ഥാനവുമില്ലാതെ പിന്നെന്തുകൊണ്ട് അനേകർ ഇന്ന് ഞായറാഴ്ച ആചരിക്കുന്നു?

ദാനീയേൽ പുസ്തകം ഏഴാം അദ്ധ്യായം നാല് സാമ്രാജ്യങ്ങളുടെ ഉയർച്ചയെക്കുറിച്ച് പറയുന്നു: ബാബിലോൺ, മേദിയ-പേർഷ്യ, ഗ്രീസ്, കൂടാതെ നാലാമത്തെയും ഭൂമിയിലെ അവസാനത്തെയും സാമ്രാജ്യമായ റോം. റോമാ സാമ്രാജ്യത്തിന്റെ അന്തിമകാലഘട്ടത്തിൽ ഈ സാമ്രാജ്യ ത്തിൽ നിന്ന് മറ്റൊരു ശക്തി, ഒരു ചെറിയ കൊമ്പ് ഉയർന്നു വരുന്നതായി കാണുന്നു (ദാനീ. 7:8). അവസാന കാലഘട്ടത്തിലാണെങ്കിലും അത് റോമാ

സാമ്രാജ്യത്തിന്റെ ഭാഗം തന്നെയാണ്. പാപാത്വം അല്ലാതെ മറ്റെന്താകാനാണ് ഈ ശക്തി? റോമിൽ നിന്ന് നേരിട്ടുയർന്നുവന്ന് ഇന്നും അതിന്റെ ഭാഗമായി തുടരുന്നു. 1600-കളിൽ തോമസ് ഹോബ്സ് ഇങ്ങനെ എഴുതി: "സഭയുടെ ഈ സിദ്ധാന്തത്തിന്റെ യഥാർത്ഥ തലം ചിന്തിക്കുകയാണെങ്കിൽ, വളരെ എളുപ്പം ഒരു കാര്യം മനസ്സിലാകും. കാലയവനികയിൽ മറഞ്ഞ റോമാസാമ്രാജ്യത്തിന്റെ കല്ലറയ്ക്കു മുകളിൽ ഇരിക്കുന്ന പ്രേതമല്ലാതെ മറ്റൊന്നുമല്ല പാപാത്വമെന്ന് വ്യക്തമാകും.'' - *തോമസ് ഹോബ്സ്, "ലെവ്യാഥാൻ" (ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി പ്രസ്, 1996), പേജ്-463.*

**ദാനീയേൽ 7:23-25 വായിക്കുക. ഞായറാഴ്ച ആചാരത്തിന്റെ ഉത്ഭവത്തെക്കുറിച്ചു മനസ്സിലാക്കുവാൻ സഹായിക്കുന്ന എന്തു കാര്യമാണ് ഈ വാക്യം നമ്മളെ പഠിപ്പിക്കുന്നത്?**

മൂലഭാഷയായ അരമായയിൽ 25-ാം വാക്യത്തിൽ പറയുന്നു അധികാരമുള്ള ചെറിയ കൊമ്പ് കൽപന മാറ്റുവാൻ "ഉദ്ദേശിച്ചിരുന്നുവെന്ന്". ഭൂമിയിലെ ഏതു ശക്തിക്ക് ദൈവത്തിന്റെ കൽപന മാറ്റുവാനാകും? കൃത്യമായ വിവരങ്ങൾ ചരിത്രത്തിൽ മറയ്ക്കപ്പെട്ടിരിക്കുകയാണെങ്കിലും, പാപാത്വ റോം ഏഴാം ദിന ശബ്ബത്തിനെ ഞായറാഴ്ച ആചരണം എന്ന പാരമ്പര്യത്തിലേക്ക് മാറ്റി. ഈ ഇരുപ്പത്തിയൊന്നാം നൂറ്റാണ്ടു വരെയും പ്രൊട്ടസ്റ്റന്റ് നവീകരണ പ്രസ്ഥാനങ്ങൾ പോലും പാലിക്കത്തക്കവിധം അടിവേരുറച്ച ഒരു മാറ്റമായിരുന്നു അത്. ഭൂരിഭാഗം പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളും ബൈബിൾ അനുശാസിക്കുന്ന ഏഴാം ദിന ശബ്ബത്തിനു പകരം ഇന്നും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനമാണ് ആചരിക്കുന്നത്.

**വെളിപ്പാട് 13: 1-17 വായിക്കുക, അത് ദാനീയേൽ 7:1-8; 21, 24, 25 എന്നിവയുമായി താരതമ്യം ചെയ്യുക. അന്ത്യകാല സംഭവങ്ങളെ മനസിലാക്കുവാൻ സഹായിക്കുന്ന എന്ത് ബിംബകൽപനകളാണ് രണ്ടിടത്തും ഉപയോഗിച്ചിരിക്കുന്നത്?**

ദാനീയേലിൽ റോമാ സാമ്രാജ്യത്തിന്റെ രണ്ടാം (പാപാത്വം) ഘട്ടത്തെക്കുറിച്ചു പറയുന്നതടക്കമുള്ള ബിംബങ്ങൾ ഉപയോഗപ്പെടുത്തി വെളിപ്പാടു അന്ത്യകാല സംഭവങ്ങളെ കുറിച്ച് ഇങ്ങനെ പറയുന്നു. വെളിപ്പാടിൽ പറയുന്ന അധികാരശക്തികൾ നിർദ്ദേശിക്കുന്ന ദിവസത്തിൽ "ആരാധിക്കാൻ" വിസമ്മതിക്കുന്നവരുടെമേൽ അന്ത്യകാലത്ത് പീഡനം അഴിച്ചുവിടും.

**വെളിപ്പാട് 14:6, 7 - വിശേഷാൽ 7, നാലാം കൽപനയിൽ നിന്നുള്ള ഭാഷ പ്രതിഫലിക്കുന്ന** (പുറ.20:11) **- വാക്യങ്ങൾ അന്ത്യകാല പീഡനങ്ങളിൽ ശബ്ബത്താരാധന ഏറ്റവും നിർണ്ണായകമാകും എന്നെങ്ങനെ കാണിക്കുന്നു?**

**വെള്ളി** **മെയ് 11**

**കൂടുതൽ പഠനം**: സ്വർഗ്ഗത്തിൽ ദൈവത്തോട് യുദ്ധത്തിനു പുറപ്പെട്ട അതേ മഹാസർപ്പം, സാത്താൻ (വെളി. 12:7) തന്നെയാണ് "ദൈവകൽപന യനുസരിക്കുന്ന" ദൈവജനത്തിനു നേരെ ഭൂമിയിൽ യുദ്ധം ചെയ്യുന്നത് (വെളി. 12:17; 13: 2, 4 കൂടി കാണുക). വാസ്തവത്തിൽ സാത്താൻ തന്നെ ആരാധനയുടെ പാത്രമാകുന്നുണ്ട് (വെളി. 13:4). അതുകൊണ്ട് സാത്താൻ ദൈവത്തിനെതിരെ സ്വർഗ്ഗത്തിൽ ആരംഭിച്ച യുദ്ധം ഭൂമിയിലും തുടരുവാൻ ശ്രമിക്കുകയാണ്. ദൈവത്തിനെതിരായ ആക്രമണത്തിന്റെ കേന്ദ്ര ബിന്ദുവാകുന്നത് ദൈവകൽപനയ്ക്കുമേലുള്ള ആക്രമണമാണ്.

"നാലാം കൽപനയിൽ ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവായാണ് ദൈവത്തെ വെളിപ്പെടുത്തുന്നത്. അപ്രകാരം സകല വ്യാജദൈവങ്ങളിൽ നിന്നും വേറിട്ടു നിർത്തി, സൃഷ്ടികർമ്മത്തിന്റെ അടയാളമായിട്ടാണ് ഏഴാം ദിനത്തെ മനുഷ്യനു വിശ്രമത്തിനായി അനുഗ്രഹിച്ചു വേർതിരിച്ചത്. ജീവനുള്ള ദൈവം ഇതാണ്, ബഹുമാനവും ആരാധനയും എന്നേക്കും ദൈവത്തിനുള്ളതാണ് എന്നും മനുഷ്യ മനസുകളിൽ എക്കാലവും ഉണ്ടാകുവാനുമാണ് ഈ കൽപന വിഭാവനം ചെയ്തത്. ദൈവത്തോടുള്ള വിധേയത്വത്തിൽ നിന്നും ദൈവകൽപനാ പാലനത്തിൽ നിന്നും മനുഷ്യനെ തെറ്റിക്കുവാൻ സാത്താൻ അക്ഷീണം യത്നിക്കുകയാണ്. അതുകൊണ്ട് ദൈവത്തെ സൃഷ്ടാവായി ചൂണ്ടിക്കാണിക്കുന്ന ആ കൽപനയ്ക്കെതിരെയാണ് അവൻ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത്." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 53, 54.*

നമ്മൾ ദൈവത്തെ ആരാധിക്കുന്നു കാരണം താൻ "ആകാശങ്ങളുടെയും ഭൂമിയുടെയും" സൃഷ്ടാവാണ്. ഏഴാം ദിന ശബ്ബത്ത് സൃഷ്ടികർമ്മത്തിന്റെ അടയാളശിലയാണ്. സൃഷ്ടിപ്പിന്റെ ആഴ്ചയിലേക്കു തന്നെ കടന്നു ചെല്ലുന്ന അടയാളം. (കാണുക ഉൽ. 2:1-3). അതുകൊണ്ട്, ദൈവത്തിന്റെ അധികാരത്തെ കടന്നാക്രമിക്കുമ്പോൾ, ഏറ്റവും അടിസ്ഥാനപരവും സർവ്വപ്രധാന അടയാളവുമായ ഏഴാം ദിന ശബ്ബത്തിനെ തന്നെ സാത്താൻ തിരഞ്ഞെടുക്കുന്നതിൽ അത്ഭുതമില്ല.

അവസാനനാളുകളിൽ, ദൈവത്തോട് ചേർന്ന്, തന്നോടുള്ള കൂറിൽ അടിയുറച്ച് നിൽക്കുന്ന ഒരു ജനം ഭൂമിയിലുണ്ടാകും. ആരാധനയ്ക്ക് യോഗ്യനായവൻ സകലചരാചരങ്ങളുടെയും സൃഷ്ടാവായ ദൈവം മാത്രമെന്ന് പ്രഖ്യാപിക്കുന്ന ഏക കൽപനയായ നാലാം കൽപന ഉൾപ്പെടെ സകല ദൈവകൽപനകളും അനുസരിച്ചുകൊണ്ട് വെളിപ്പെടുത്തുന്ന ഒരു കൂറ്.

**ചർച്ച:**

1. പാപം ഉണ്ടെന്നു പറയുകയും എന്നാൽ ദൈവകൽപന മാറിപ്പോയെന്ന് വാദിക്കുകയും ചെയ്യുന്നവരുടെ പ്രശ്നമെന്താണ്? എന്ത് അടിസ്ഥാനമില്ലായ്മയാണ് ആ വാദഗതിയിലുള്ളത്?
2. ശബ്ബത്തിനു പകരം ഞായറാഴ്ച മതിയെന്ന് വാദിക്കുന്നവരുടെയടുത്തുള്ള അനുഭവങ്ങളെന്താണ്? എന്തൊക്കെ വാദങ്ങൾ നിങ്ങളുപയോഗിച്ചു, അവ എത്രമാത്രം ഫലപ്രദമായിരുന്നു? പ്രവൃത്തികളിലൂടെ രക്ഷ നേടാനുള്ള ശ്രമമാണ് ഏഴാം ദിന ശബ്ബത്ത് അനുസരണമെന്ന വാദഗതിയെ എങ്ങനെ നേരിടാം?
3. ശബ്ബത്തിനെക്കുറിച്ച് മറ്റുള്ളവരോടു സംസാരിക്കുമ്പോഴും അന്ത്യകാലത്തിനായി ഒരുങ്ങുമ്പോഴും "മൃഗത്തിന്റെ മുദ്രയെക്കുറിച്ചുള്ള" ആഹ്വാനങ്ങൾ ഇതുവരെ സംഭവിച്ചിട്ടില്ലെന്ന് വ്യക്തമാക്കേണ്ടതിന്റെ പ്രാധാന്യമെന്താണ്?

****